# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *108 — 29.09.2016-ൽ മറുപടിയ്ക്ക്

### പൊതുമരാമത്ത് റോഡുകളിലെ കയ്യേറ്റങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്<br>,, എൻ. ഷംസുദ്ദീൻ<br>,, കെ.എം.ഷാജി : | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളോടനുബന്ധിച്ചുള്ള നടപ്പാതകൾ കച്ചവട സ്ഥാപനങ്ങളുൾപ്പെടെയുള്ളവർ കയ്യേറി കച്ചവടം നടത്തിവരുന്നത് റോഡു സുരക്ഷയ്ക്ക് ഉയർത്തുന്ന ഭീഷണി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | തെരുവോര കച്ചവടക്കാരെ സംരക്ഷിക്കുന്നതു സംബന്ധിച്ച നയം റോഡു സുരക്ഷയ്ക്ക് ഹാനികരമാവാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | റോഡുകളോടനുബന്ധിച്ചുള്ള നടപ്പാതകളിൽ കച്ചവടസ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവർ കയ്യേറി കച്ചവടം നടത്തുന്നത് റോഡ് സുരക്ഷയ്ക്ക് ഭീഷണി ഉയർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും, സ്വമേധയാ ഒഴിയാൻ തയ്യാറാകാത്തവരെ റവന്യൂ, പോലീസ് അധികാരികളുടെ സഹായത്തോടെ ഒഴിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ മാനദണ്ഡപ്രകാരം ദേശീയപാതകളുടെ റൈറ്റ് ഓഫ് വേയിൽ യാതൊരുവിധ കൈയ്യേറ്റങ്ങളോ തെരുവോര കച്ചവടങ്ങളോ അനുവദനീയമല്ല. |

| | | | |
|---|---|---|---|
| (സി) | പൊതുമരാമത്ത് റോഡുകളിലെ കയ്യേറ്റങ്ങൾ അപ്പപ്പോൾ കണ്ടെത്താനും അവ ഒഴിപ്പിക്കാനും ഉപയുക്തമായ വിധം എൻജിനീയർമാരുടെ റോഡു പരിശോധന കൃത്യമായി നടത്താൻ നിർദ്ദേശം നൽകുമോ? | (സി) | സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിന് കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാദ്ധ്യമാക്കുന്നതിനും വേണ്ടി ആദ്യമായി കേരളത്തിൽ കേരളാ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി സ.ഉ.(കൈ)നം.63/16/പൊ.മ.വ. തീയതി 3/9/2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മന്ത്രിസഭാ തീരുമാനപ്രകാരം വന്ന ടി ഉത്തരവുപ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിന് കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാദ്ധ്യമാക്കുന്നതിനും സംസ്ഥാനത്തെ ഹൈവേയും, സ്റ്റേറ്റ്ഹൈവേയും, പ്രധാന ജില്ലാ റോഡുകളും 1999-ലെ സ്റ്റേറ്റ്ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 3) പ്രകാരമുള്ളഹൈവേ ആയി പ്രഖ്യാപിച്ച് സംരക്ഷിച്ചു കൊണ്ടും, ടികാര്യങ്ങളുടെ നിരീക്ഷണത്തിനായി എൻ.എച്ച്.-ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ്എഞ്ചിനീയർ (NH)-നെയും സ്റ്റേറ്റ്ഹൈവേയുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ(R&B)-യേയും 1999-ലെ സ്റ്റേറ്റ്ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 4) പ്രകാരം നിയമിച്ചും ഉത്തരവായിട്ടുണ്ട്. നേരത്തെതന്നെ റോഡുകൾക്കും നടപ്പാതകൾക്കും നാശനഷ്ടം വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടാൽ പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ റോഡ് സ്ഥിതിചെയ്യുന്ന പ്രദേശത്തെ പോലീസ് സ്റ്റേഷനിൽ രേഖാമൂലം പരാതി നൽകേണ്ടതും അതിന്റെ പകർപ്പ് ജില്ലാകളക്ടർക്കും പോലീസ് മേധാവിക്കും നൽകേണ്ടതുമാണ്. ബന്ധപ്പെട്ട ജില്ലാതല അവലോകന യോഗങ്ങളിൽ ഇവ റിവ്യൂ ചെയ്യേണ്ടതുമാണ്. ഇത്തരത്തിലുള്ള പരാതിയിന്മേൽ പോലീസ് അധികാരികൾ 7 ദിവസത്തിനുള്ളിൽ നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിക്കേണ്ടതാണ്. നിയമലംഘനം നടത്തുന്നവർക്കെതിരെ കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ടിലെ 12 മുതൽ 35 വരെ വകുപ്പുകൾ പ്രകാരം കർശന നടപടി സ്വീകരിക്കാവുന്നതും നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള നടപടികൾ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർമാരും, പോലീസ് ഉദ്യോഗസ്ഥരും സ്വീകരിക്കേണ്ടതുമാണ്. ഇത്തരത്തിൽ എടുക്കുന്ന കേസുകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് ജില്ലാ കളക്ടർമാരും എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും പ്രതിമാസ അവലോകനം നടത്തേണ്ടതും അവലോകനം സംബന്ധിച്ച വിശദമായ റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിക്ക് യഥാസമയം ലഭ്യമാക്കേണ്ടതും ഇത്തരത്തിൽ എടുക്കുന്ന നടപടികളെ സംബന്ധിച്ച് പത്രമാധ്യമങ്ങൾ വഴി പ്രചാരണം നടത്തേണ്ടതുമാണ്.<br><br>നടപടികൾ എടുക്കുന്നതിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതിന്റെ ഫലമായി റോഡുകൾക്ക് നാശനഷ്ടം സംഭവിക്കുന്ന സാഹചര്യം ഉണ്ടായാൽ അത്തരത്തിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കും. കൂടാതെ പൊതുമരാമത്ത് റോഡുകളിലെ കയ്യേറ്റങ്ങൾ അപ്പപ്പോൾ തന്നെ കണ്ടെത്താനും അവ ഒഴിപ്പിക്കാനുമുള്ള റോഡു പരിശോധന, എഞ്ചിനീയർമാർ നടത്തുന്നതിനുള്ള നിർദ്ദേശവും നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ